LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയിൽ പുതിയ കായിക ടീമുകൾ

166 (7729) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ നിലവിലുള്ള കായിക ടീമുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ടീമുകൾ രൂപവത്കരിക്കുന്നതിനും കായികതാരങ്ങളെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഏതെല്ലാം ടീമുകളെ രൂപീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത് എന്നും അതിനായി എത്ര കായികതാരങ്ങളെയാണ് നിയമിക്കുവാൻ പോകുന്നത് എന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമനം ത്വരിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇപ്പോൾ നിലവിലുള്ള കേരളാ പോലീസ് വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, അത്ലറ്റിക്സ്, ടീമുകളെ ശക്തിപ്പെടുത്തുന്നതിനും നീന്തൽ, വാട്ടർ പോളോ, ജൂഡോ, കയാക്കിംഗ്, കനോയിംഗ് എന്നീ ടീമുകളെ രൂപീകരിക്കുന്നതും സംബന്ധിച്ചുള്ള 'പ്രൊപ്പോസൽ' സർക്കാർ പരിശോധിച്ചു വരുന്നു.

ട്രാഫിക്ക് സിഗ്നലുകളിൽ ടൈമറുകൾ സ്ഥാപിക്കാൻ നടപടി

167 (T 7730) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഭൂരിഭാഗം ട്രാഫിക് സിഗ്നലുകളിലും ടൈമർ ഘടിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുഴുവൻ ട്രാഫിക് സിഗ്നലുകളിലും ടൈമർ സ്ഥാപിച്ചുകൊണ്ട് കാൽനടയാത്രക്കാർ ഉൾപ്പെടെയുള്ള യാത്രക്കാരുടെ യാത്ര സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ 34 ജംഗ്ഷനുകളിലെ സിഗ്നൽ ലൈറ്റുകളിൽ ടൈമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.